## എം. മുഹമ്മദ് കുട്ടി മൗലവി

**മലപ്പുറം** കുന്നുമ്മല്‍ പ്രാദേശിക ജമാഅത്തിലെ അംഗമായിരുന്നു എം. മുഹമ്മദ് കുട്ടി മൗലവി. എം.എം എന്നറിയപ്പെട്ടിരുന്ന മൗലവിയുടെ നിര്യാണം അപ്രതീക്ഷിതമായിരുന്നില്ല. മാരകരോഗത്തിന്റെ പിടിയിലമര്‍ന്ന് ഏതാണ്ട് പത്തു വര്‍ഷത്തിലേറെ-അതില്‍ തന്നെ അഞ്ചു വര്‍ഷത്തോളം തീര്‍ത്തും ശയ്യാവലംബിയായി-ദുരിതം അനുഭവിച്ചിരുന്നു അദ്ദേഹം. ആ ഘട്ടത്തില്‍പോലും, സന്ദര്‍ശിക്കാനെത്തുന്ന സുഹൃത്തുക്കളോടും സഹപ്രവര്‍ത്തകരോടും അദ്ദേഹം തന്റെ പ്രയാസങ്ങള്‍ പറയാറുണ്ടായിരുന്നില്ല. പകരം, അവരുടെ ദീര്‍ഘായുസ്സിനും ആരോഗ്യത്തിനും വേണ്ടിയുള്ള നീണ്ട പ്രാര്‍ഥനയാണ് നടത്തുക.



ദീര്‍ഘകാലം മലപ്പുറം എം.എസ്.പി എല്‍.പി സ്കൂളില്‍ അറബി അധ്യാപകനായി ജോലിചെയ്ത് റിട്ടയര്‍ ചെയ്ത അദ്ദേഹം മലപ്പുറത്തെയും പരിസരങ്ങളിലെയും പള്ളികളില്‍ ഖത്വീബായും സേവനമനുഷ്ഠിച്ചു. എം.എമ്മിന്റെ ഹൃദ്യമായ ഖുര്‍ആന്‍ പാരായണവും ഹൃദയാവര്‍ജകമായ ക്ലാസ്സുകളും പ്രഭാഷണങ്ങളും ജനങ്ങള്‍ക്ക് മധുരതരമായ ഓര്‍മയാണ്. സാമ്പത്തിക കാര്യങ്ങളിലെ സൂക്ഷ്മത എം.എമ്മിന്റെ സവിശേഷതയായിരുന്നു. എത്ര ചെറുതാകട്ടെ ഏതു ഇടപാടും കൃത്യമായി രേഖപ്പെടുത്തി കടംവരുത്താതെ ജീവിക്കാന്‍ അദ്ദേഹം സ്വന്തം മക്കളെ ഉണര്‍ത്തുമായിരുന്നു. അവരുടെ ദീനീവിദ്യാഭ്യാസ കാര്യത്തിലും അദ്ദേഹം ശ്രദ്ധ പുലര്‍ത്തി. വാടാനപ്പള്ളി ഇസ്‌ലാമിയാ കോളേജ്, ശാന്തപുരം അല്‍ജാമിഅ, മലപ്പുറം ഫലാഹിയാ കോളേജ് എന്നിവിടങ്ങളിലായിരുന്നു മക്കളെ പഠിപ്പിച്ചത്. പ്രസ്ഥാനമാരംഭിച്ച സ്ഥാപനങ്ങളോടും സംവിധാനങ്ങളോടും അദ്ദേഹം പ്രതിബദ്ധത പുലര്‍ത്തി. അക്കൂട്ടത്തില്‍ എടുത്തുപറയേണ്ടതാണ് *മാധ്യമം* ദിനപത്രത്തിന് വരിക്കാരെയും വായനക്കാരെയും വര്‍ധിപ്പിക്കുന്നതില്‍ അദ്ദേഹം കാണിച്ച ശുഷ്കാന്തി.

**സി.എച്ച് അബ്ദുല്‍ ഖാദിര്‍, മലപ്പുറം**

## കുഞ്ഞിബാവ

**താനൂരിലെ** എ.എം കുഞ്ഞിബാവ ചരിത്രത്തിന്റെ ഭാഗമായി. ആറ് പതിറ്റാണ്ട് കാലം അക്ഷരങ്ങളുടെ ലോകത്ത് നിറഞ്ഞുനിന്ന നിഷ്കളങ്കനും നിസ്വാര്‍ഥനുമായിരുന്ന ഈ എഴുത്തുകാരന്‍ തലമുറകള്‍ക്ക് പത്രപ്രവര്‍ത്തനത്തിന്റെ ഏടുകളും ഗതകാല സംസ്കൃതിയുടെ പ്രശോഭിത ചരിത്രവും കാഴ്ചവെച്ചു. സമൃദ്ധമായ വായനാനുഭവങ്ങളില്‍ നിന്ന് ആര്‍ജിച്ച വെളിച്ചം വായനക്കാര്‍ക്ക് പകര്‍ന്നു കൊടുക്കുന്നതില്‍ പിശുക്ക് കാണിക്കാത്ത ഈ ശൈലീ വല്ലഭനെ സി.എച്ച് മുഹമ്മദ് കോയ മുതല്‍ കമലാ സുറയ്യ വരെ പ്രശംസിച്ചിട്ടുണ്ട്. ജീവിത ദര്‍ശനത്തിന്റേയും സാംസ്കാരിക ബോധത്തിന്റേയും ഭാഗമായിരുന്നു കുഞ്ഞിബാവയുടെ പത്രപ്രവര്‍ത്തനവും ഗ്രന്ഥരചനയും. കുഞ്ഞിബാവയുടെ തൂലിക സമ്മാനിച്ച ശൈലി എന്നും സമൂഹത്തിന് ഉണര്‍ത്തുപാട്ടായിരുന്നു. വിട്ടുപോവുന്നത് കൂട്ടിച്ചേര്‍ക്കാനും തെറ്റുകള്‍ തിരുത്താനും പലരും മറന്നുപോവുന്നത് ഓര്‍മപ്പെടുത്താനും മുതിരാറുള്ള എന്റെ ഗുരുഭൂതരാണ് യാത്ര പറഞ്ഞു പോയത്.

**കെ.പി കുഞ്ഞിമൂസ**

## പ്രഫ. ടി.പി മുഹമ്മദ് കുഞ്ഞി

**തളിപ്പറമ്പിന്റെ** വിദ്യാഭ്യാസ-സാംസ്കാരിക രംഗത്ത് നാല് പതിറ്റാണ്ടോളം കര്‍മനിരതനായിരുന്ന വ്യക്തിയാണ് പ്രഫ. ടി.പി മുഹമ്മദ് കുഞ്ഞി (80). പനൂര്‍ കവ്വായിലാണ് ജനനം. കവ്വായി സന്ദര്‍ശിച്ച സീതിസാഹിബിന്റെയടുത്ത് വിദ്യാര്‍ഥിയായ ടി.പിയെ കൂട്ടുകാര്‍ എത്തിച്ചത് ലീഗില്‍ ചേര്‍ക്കാനായിരുന്നു. "നീ രാഷ്ട്രീയത്തില്‍ തലയിടേണ്ട, പഠനത്തില്‍ ശ്രദ്ധിച്ച് വലിയ ആളായിത്തീരണം" എന്നായിരുന്നു സീതിസാഹിബിന്റെ ഉപദേശം. മദ്രാസ് പ്രസിഡന്‍സി കോളേജില്‍ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തില്‍ റാങ്കും ഹൈദരാബാദ് ലാംഗ്വേജ് ഇന്‍സ്റ്റിറ്റ്യൂട്ടില്‍ നിന്ന് ഉന്നത ബിരുദവും നേടിയ അദ്ദേഹം പ്രഗത്ഭനായ അധ്യാപകനായും പ്രിന്‍സിപ്പലായും കര്‍ണൂല്‍ (ഉസ്മാനിയ യൂനിവേഴ്സിറ്റി), ഫറോക്ക്, മമ്പാട് എം.ഇ.എസ്, തളിപ്പറമ്പ് സര്‍ സയ്യിദ്, കൊണ്ടോട്ടി എം.ഇ.എ കോളേജുകളില്‍ സേവനം അനുഷ്ഠിച്ചു. തളിപ്പറമ്പിലെത്തിയ ആദ്യനാളുകളില്‍ തന്നെ ടിപി സാര്‍ യുവാക്കളെ സംഘടിപ്പിച്ചു ഇസ്‌ലാമിക് സെന്ററുകള്‍ സ്ഥാപിച്ച് സ്ഥിരം ക്ലാസ്സെടുത്തു. ഫ്രൈഡേ ക്ലബിന്റെ രൂപീകരണത്തിലും പ്രവര്‍ത്തനങ്ങളിലും സജീവമായി. ജമാഅത്തെ ഇസ്‌ലാമിയുടെയും പോഷക സംഘടനകളുടെയും പ്രവര്‍ത്തനങ്ങള്‍ക്ക് അകമഴിഞ്ഞ പിന്തുണ നല്‍കി. മതസംഘടനകള്‍ക്കിടയില്‍ പാലമായി എല്ലാവരുമായി സഹകരിച്ചപ്പോഴും സംഘടനാ പക്ഷപാതിത്വങ്ങളെ എതിര്‍ക്കാന്‍ മടിച്ചില്ല.



**കെ.പി അലവിക്കുട്ടി**

## എം.ഒ അബ്ദുല്ല മൗലവി

**1980** മുതല്‍ പ്രസ്ഥാനവുമായി സഹകരിച്ചുവരുന്ന അബ്ദുല്ലാ മൗലവി അല്ലാഹുവിലേക്ക് യാത്രയായി. 1990 കളില്‍ കിഴല്‍ ഹല്‍ഖയില്‍ പ്രവര്‍ത്തിച്ചിരുന്നു. നാട്ടുകാര്‍ക്കും അയല്‍നാട്ടുകാര്‍ക്കും പ്രിയങ്കരനായിരുന്ന അദ്ദേഹം സമുദായത്തിലെ എല്ലാവിഭാഗം ആളുകള്‍ക്കും സര്‍വസമ്മതനായിരുന്നു. ഖുര്‍ആനിലും ഇസ്‌ലാമിക കര്‍മശാസ്ത്രത്തിലും അഗാധ പാണ്ഡിത്യമുണ്ടായിരുന്നു. കാഞ്ഞിരാട്ട്തറ, പടന്ന, പാറക്കടവ്, തിരുവള്ളൂര്‍ പള്ളിദര്‍സുകളില്‍ പഠിച്ച അദ്ദേഹത്തിന്റെ മുഖ്യഗുരുനാഥന്‍ പ്രസിദ്ധനായ കക്കുന്നത്ത് കുഞ്ഞമ്മദ് മുസ്‌ലിയാര്‍ ആയിരുന്നു. 1999 ജൂണില്‍ തിരുവള്ളൂര്‍ ഗവ: മാപ്പിള യു.പി സ്കൂളില്‍നിന്ന് വിരമിച്ച അബ്ദുല്ല മൗലവി തലശ്ശേരി തേറ്റംകുന്ന് വനിതാ കോളേജ്, പെരിങ്ങാടി അല്‍ഫലാഹ് കോളേജ്, കുറ്റ്യാടി ഇസ്‌ലാമിയാ കോളേജ്, വടകര എം.വൈ.എം മദ്രസ, പൈങ്ങോട്ടായി അല്‍ മദ്റസത്തുല്‍ ഇസ്‌ലാമിയ്യ എന്നീ സ്ഥാപനങ്ങളില്‍ സേവനമനുഷ്ഠിച്ചിട്ടുണ്ട്. നരിപ്പറ്റ, പനമരം പള്ളികളില്‍ ഖത്വീബായിരുന്നു.



**ടി.കെ അലി പൈങ്ങോട്ടായി**

---

*അല്ലാഹു പരേതരെ മഗ്ഫിറത്തും മര്‍ഹമത്തും നല്‍കി അനുഗ്രഹിക്കുമാറാകട്ടെ - ആമീന്‍.*